# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1446** **10.02.2020 ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ മൂല്യവർദ്ധനവ്**

**ചോദ്യം** **ഉത്തരം**

**ശ്രീ. ആർ. രാമചന്ദ്രൻ**
**ശ്രീ. ഇ.കെ.വിജയൻ**
**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി.ആർ. സുനിൽ കുമാർ**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായും കാർഷിക മേഖലയിലെ പുനരുജ്ജീവനത്തിനായും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | കേരളത്തിലെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ പുന:രുജ്ജീവനത്തിനും ഉതകുന്ന വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ വ്യവസായത്തിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകി വരുന്നു.ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യവസായ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വായ്പാധിഷ്ഠിത സബ്സിഡി,ഒരു യൂണിറ്റിന് പരമാവധി 50 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്.കൂടാതെ സ്വയം സഹായ സംഘങ്ങൾ ,വ്യക്തിഗത യൂണിറ്റുകൾ എന്നിവയ്ക്കും എസ്.എഫ്.എ.സി മുഖേന മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്.<br>സംസ്ഥാനത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുന്നതിനും അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. നാളികേരം, മാമ്പഴം വാഴപ്പഴം, പച്ചക്കറി, തേൻ എന്നീ വിള അധിഷ്ഠിത അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. നാളികേര അഗ്രോപാർക്ക് കോഴിക്കോട് കുറ്റ്യാടി ഫാമിലും വേങ്ങേരി മൊത്തവ്യാപാര വിപണിയിലും |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും മാംഗോ അഗ്രോപാർക്ക് പാലക്കാട് മുതലമടയിലും, പച്ചക്കറി പാർക്ക് ഇടുക്കി പീരുമേട്ടിലും ബനാന പാർക്ക് തൃശ്ശൂർ കണ്ണാറയിലും സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട് (കണ്ണാറയിലെ അഗ്രോ പാർക്ക് നിർമ്മാണം പൂർത്തിയാക്കി വരുന്നു).<br>തെങ്ങിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് 2014-15, 2015-16, 2016-17 വർഷങ്ങളിൽ നാളികേര വികസന ബോർഡ് മുഖേന വിവിധ നാളികേര ഉല്പാദക കമ്പനികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br>കൂടാതെ കാർഷിക വിളകളുടെ മൂല്യവർദ്ധിത സാധ്യത മനസ്സിലാക്കുന്നതിനും കാർഷിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വൈഗ എന്ന പേരിൽ പ്രദർശനം,സെമിനാറുകൾ എന്നിവ കഴിഞ്ഞ 4 വർഷമായി നടത്തി വരുന്നുണ്ട്. |
| ബി) | ഏതൊക്കെ കാർഷിക മേഖലയുടെയും കാർഷിക ഉല്പന്നങ്ങളുടെയും കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) | എസ്.എഫ്.എ.സി മുഖേന നടപ്പാക്കുന്ന പദ്ധതികൾ കർഷകർ ഉൾപ്പെടെയുള്ള സംരംഭകർ ഈ മേഖലയിൽ വരുന്നതിന് സഹായകരമായിട്ടുണ്ട്. വളരെ മുതൽമുടക്ക് ആവശ്യമുള്ളതിനാൽ ചെറുകിട,ഇടത്തരം കർഷകർക്ക് ,മൂല്യവർദ്ധനവിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇത്തരം പദ്ധതികൾ സഹായകരമായിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിനാൽ സംരംഭകരായ കർഷകർക്ക് പരമാവധി വരുമാനം ലഭിക്കുവാൻ ഇത് സഹായകരമാകുന്നുണ്ട്.അതത് പ്രദേശത്തെ കർഷകരിൽ നിന്നും അവരുടെ ഉല്പന്നങ്ങൾ ഉയർന്ന വിലയ്ക്ക് വാങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക വഴി കർഷകർക്കും ഉയർന്ന വരുമാനം ലഭിക്കുന്നതിന് സാധ്യമാകുന്നുണ്ട്.<br>ഉത്പാദന പദ്ധതികൾക്കൊപ്പം വിപണനത്തിനും, വിളവെടുപ്പിന് ശേഷമുള്ള സംസ്കരണത്തിനും, മൂല്യവർദ്ധനവിനും കൂടുതൽ അർത്ഥവത്തായ പദ്ധതി എന്ന നിലയ്ക്കാണ് അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട വിളകളിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ സാധ്യമായ ഏതൊരുല്പന്നവും നിർമ്മിക്കുന്നതിനുള്ള സൗകര്യമായിരിക്കും അഗ്രോപാർക്കുകളിൽ നിന്നും ലഭ്യമാകുക, ഇതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സംസ്കരണം, മൂല്യവർദ്ധനം, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും വേണ്ടിയുള്ള അത്യാധുനിക സൗകര്യങ്ങൾ, അഗ്രോ പാർക്കുകളിൽ നിന്നും കർഷകർ/ സംരംഭകർക്ക് ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| സി) | അഗ്രി സ്റ്റാർട്ടപ്പുകൾക്കും അഗ്രി ബിസിനസ് ഇൻകുബേറ്ററുകൾക്കും നൽകുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | സി) | കാർഷിക മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അഗ്രിബിസിനസ്സ് ഇൻകുബേറ്റേഴ്സിനുമായി 2019-20 വാർഷിക ബഡ്ജറ്റിൽ 20 ലക്ഷം രൂപ ധനസഹായത്തിന് വകയിരുത്തിയിട്ടുണ്ട്.കാർഷിക മൂല്യ വർദ്ധനവുമായി ബന്ധപ്പെട്ട് പുതിയ സംരംഭങ്ങൾ തുടങ്ങുന്ന കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ RKVY-RAFTAR പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു അഗ്രി-ഇൻക്യുബേഷൻ സെന്റർ തൃശ്ശൂരിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനകം 40 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ദേശീയ തലത്തിലെ പരിശോധനയ്ക്ക് ശേഷം സംരംഭകർക്ക് 25 ലക്ഷം രൂപവരെ ധനസഹായം ലഭ്യമാണ്. തൃശ്ശൂരിൽ പ്രവർത്തിക്കുന്ന അഗ്രി ഇൻക്യുബേഷൻ സെന്ററിന് പുറമേ വയനാട്, കോട്ടയം, മലപ്പുറം, കണ്ണൂർ എന്നീ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ മിനി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ഡി) | ചക്ക അധിഷ്ഠിത മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ കാര്യത്തിൽ കൈക്കൊണ്ട നടപടികളും അവയുടെ ഫലവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | ഡി) | 2018 ൽ ചക്കയെ കേരളത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിക്കുകയുണ്ടായി,പത്തനംതിട്ട കൃഷി വിജ്ഞാൻ കേന്ദ്രം,നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ,അമ്പലവയൽ എന്നീ സ്ഥാപനങ്ങൾ ചക്കയുടെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ മനസ്സിലാക്കുന്നതിന് നിരവധി ഗവേഷണങ്ങൾ/ പഠനങ്ങൾ നടത്തി വരുന്നു. ചക്കയിൽ നിന്നും, മറ്റ് കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ എസ്.എഫ്.എ.സി മുഖേന നടപ്പിലാക്കി വരുന്നുണ്ട്.ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കൂടുതൽ സൂക്ഷ്മ/ചെറുകിട സംരംഭകർ മുന്നോട്ട് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**